LIBRARY ARCHIVES Kerala Legislative Assembly

അറപ്പുഴ പാലം നിർമ്മാണം

311 (7282) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാമനാട്ടുകര-കോഴിക്കോട് ബൈപ്പാസിലെ അറപ്പുഴ പാലം നിർമ്മാണം പൂർത്തീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെ ടോൾ പിരിവ് എന്നാണ് ആരംഭിച്ചത് ;

(സി) പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപയാണ് ചെലവായത് ;

(ഡി) ടോൾ ഇനത്തിൽ കഴിഞ്ഞ മാർച്ച് 31 വരെ എത്ര രൂപയാണ് വരുമാനമായി ലഭിച്ചിട്ടുള്ളത് ;

(ഇ) ടോൾ പിരിവിനായി അനുവദിച്ച അധിക കാലാവധി എത്രയാണ് ;

(എഫ്) ടോൾ പിരിവ് എന്ന് നിർത്തൽ ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രാമനാട്ടുകര-കോഴിക്കോട് ബൈപ്പാസിലെ അറപ്പുഴ പാലം നിർമ്മാണം 31-3-2002-ൽ പൂർത്തീകരിച്ചു.

(ബി) ഇവിടെ 7-6-2002-നാണ് ടോൾ പിരിവ് ആരംഭിച്ചത്.

(സി) പാലത്തിന്റെ നിർമ്മാണത്തിന് 13,26,83,817 രൂപ ചെലവായി.

(ഡി) 31-3-2014 വരെ 14,65,57,025 രൂപ ടോൾ ഇനത്തിൽ വരുമാനമായി ലഭിച്ചിട്ടുണ്ട്.

(ഇ&എഫ്) പുതുക്കിയ കരാർ പ്രകാരം 31-3-2015 വരെ ടോൾ പിരിവിനുള്ള കാലാവധി നിലവിലുണ്ട്.

മലയാറ്റൂർ - കോടനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

312 (7283) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 13 കോടി രൂപ അനുവദിച്ച മലയാറ്റൂർ-കോടനാട് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തിയുടെ പ്രവർത്തന കാലാവധി എത്ര തവണ നീട്ടി നൽകിയിട്ടുണ്ട് ;

(ബി) എത്തെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അംഗീകരിച്ച ഡിസൈൻ പ്രകാരം ഫൗണ്ടേഷൻ ജോലികൾ പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായി വന്നതിനാലും ഒരു ഫൗണ്ടേഷൻ പോയിന്റിൽ അംഗീകരിച്ച ഡിസൈനിൽ നിന്നും വ്യതിയാനപ്പെടുത്തി പുതിയ ഡിസൈൻ അംഗീകരിച്ചശേഷം നിർമ്മാണ പ്രവൃത്തി നടത്തേണ്ടിവന്നതിനാലും മറ്റ് സാങ്കേതിക കാരണങ്ങളാലുമാണ് കാലതാമസം നേരിട്ടത്. പ്രസ്തുത പ്രവർത്തന കാലാവധി 2 തവണകളിലായി 31-10-2014 വരെ നീട്ടി നൽകിയിട്ടുണ്ട്.

(ബി) 2 സ്പാനിന്റെ ബീം ആന്റ് ഡെക്ക് സ്ലാബിന്റെ നിർമ്മാണവും അപ്രോച്ച് റോഡിന്റെ നിർമ്മാണവുമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്.

(സി) കാലാവധിയായ 31-10-2014-നകംതന്നെ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അരപ്പുഴ പാലത്തിന്റെ ടോൾ പിരിവ്

313 (7284) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന 'അരപ്പുഴ പാല'ത്തിന്റെ ടോൾ പിരിവ് ഇനത്തിൽ ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ടോൾപിരിവ് എത്ര കാലം തുടരുമെന്ന് വ്യക്തമാക്കുമോ ;

(സി) ആവശ്യമുള്ള പണം ലഭിച്ച സാഹചര്യത്തിൽ ഇതിന്റെ ടോൾ പിരിവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2014 വരെ 14,65,57,025-രൂപ ടോൾ ഇനത്തിൽ പിരിച്ചിട്ടുണ്ട്.

(ബി & സി) കേന്ദ്ര സർക്കാരിന്റെ 1997-ലെ National Highways (Fees for the use of National Highways Section and Permanent Bridge public funded project) Rules അനുസരിച്ചാണ് ദേശീയപാതയിലെ പാലങ്ങളുടെ ടോൾ പിരിവ് നടത്തുന്നത്. ഇതനുസരിച്ച് ടോൾ പിരിവ് നിരന്തരം (Perpetual) നടത്തേണ്ടതാണ്. അതിനാൽ പ്രസ്തുത പാലത്തിൽ ടോൾ പിരിവ് നിർത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല.

എളവൂർ പാലത്തിൽ ടോൾ

314 (7285) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എളവൂർ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി പൂർത്തിയാകുന്നതോടെ എളവൂർ പാലത്തിൽ ടോൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly